# വിശ്വാസം

## എബ്രായർ 11:1,2

"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്കു സാക്ഷ്യം ലഭിച്ചതു."

ലോകത്തിൽ പലവിധത്തിലുള്ള വിശ്വാസങ്ങളുടെ പിറകേ പോകുന്ന ഒരുകൂട്ടം ജനതയെ നമുക്കു കാണുവാൻ സാധിക്കും. പലതരം വഴിപാടുകളും നേർച്ചകളുമൊക്കെ വിശ്വസിച്ച് ജീവിക്കുന്നവർ. എന്നാൽ നമ്മിൽ നിന്നും ഒരു വിലപോലും പ്രതീക്ഷിക്കാതെ അല്ലെങ്കിൽ നഷ്ടമാകാതെ ദൈവത്തിന്റെ കൃപയാൽ മാത്രം നാം നേടിയെടുക്കുന്നതാണ് നമ്മുടെ കർത്താവിലുള്ള വിശ്വാസം എന്നു പറയുന്നത്. മറ്റു വിശ്വാസസമൂഹത്തിനൊക്കെയും അവരുടെ വ്യക്തിപരമായ തീരുമാനത്തിലൂടെയും സ്വന്ത ഇഷ്ടപ്രകാരവും തിരഞ്ഞെടുക്കുന്ന വിശ്വാസമാണ് കാണാവുന്നത്.

1 യോഹന്നാൻ 5:4,5 ൽ ഇപ്രകാരം വായിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്ന ഒരു ദൈവപൈതൽ മാത്രമാകുന്നു ലോകത്തെ ജയിക്കുന്നത്. അതിനായി കൃപ ലഭിച്ച ദൈവമക്കൾക്കായി നമുക്ക് ദൈവത്തിനു സ്തോത്രം ചെയ്യാം. ഈ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല. അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ച് നാം പരിശോധിക്കുകയാണെങ്കിൽ അവന്റെ വിശ്വാസം നീതിയായി കണക്കിട്ടതായി വായിക്കുന്നുണ്ട്.

അബ്രഹാം വാഗ്ദത്തം പ്രാപിക്കുവാൻ അനേകവർഷങ്ങൾ കാത്തിരുന്നു. തന്റെ ചുറ്റും തന്നെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന ഒരു ജനസമൂഹത്തിന്റെ നടുവിൽ, താൻ ദൈവത്തിലുള്ള വിശ്വാസത്തിൽ പൂർണ്ണമായി ഉറച്ചതുകൊണ്ട് ദൈവം അത് നീതിയാക്കിത്തീർത്തു. മരിച്ചതിനെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിച്ചു വരുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ മഹത്വത്തെക്കുറിച്ച് അവൻ ആശക്കു വിപരീതമായി ആശയോടെ വിശ്വസിച്ചു.

എബ്രായർ 11-ാം അദ്ധ്യായത്തിലുടനീളം വിശ്വാസവീരന്മാരുടെ ഒരു വലിയപട്ടിക നമുക്കു വായിക്കുവാൻ കഴിയുന്നുണ്ട്. മരിച്ച ലാസറിനെ ഉയിർപ്പിക്കുന്ന സമയം കർത്താവ് അവന്റെ സഹോദരിമാരോട് പറഞ്ഞ വാക്കുകൾ നാം മറന്നുപോകരുത്. 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും'. പ്രിയ ദൈവപൈതലേ, മറ്റാർക്കും പുറമെ കാണുവാൻ കഴിയാത്ത നിന്റെ വിശ്വാസത്തിന് നിന്റെ ജീവിതത്തിൽ വലിയ പ്രവർത്തികളെ കൊണ്ടുവരുവാൻ കഴിയുന്നതാണ്. അതിനായി പ്രത്യാശയോടെ നമുക്കു

കാത്തിരിക്കാം. സങ്കീ. 34:5 ൽ പറയുന്നു. 'അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല'.

വിശ്വാസം നമ്മിലേക്ക് പകർന്നുതരുന്നത് പരിശുദ്ധാത്മാവാകുന്ന ദൈവമാണ്. അവിടുത്തെ കൃപയാൽ വിശ്വാസത്തിൽ വേരൂന്നി ആത്മീക ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സർവ്വശക്തൻ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

2 തിമോഥെയോസ് 4:7,8

ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 063**